# അച്ഛൻ പറഞ്ഞ മാലോപമ

**[പ്രൊഫസ്സർ (ഡോ.) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]**

സുരക്ഷയാണുണ്ണീ പരമപ്രധാനം:
ഇന്നുകണ്ട തടിക്കു വിനാശമില്ലാതെ
കായം ലഭിക്കാൻ പൊരുതും കച്ചവട-
ക്കളിയാണുണ്ണീ, എന്നും പരമപ്രധാനം!

താളിലൊപ്പിയ ചരിത്ര ഗുണപാഠംച്ചൊല്ലൽ:
താഴിട്ടുപൂട്ടൽ നല്ലോരുടെ നീതിശാസ്ത്രം;
കള്ളത്താക്കോലിൻ കശ്മല ഹസ്തരേഖ
ആധാരമാക്കിത്തകർക്കും ഒളിസേവ കേമറ!

വെറുങ്കയ്യിൽ പിടിച്ച അനർത്ഥമാമഞ്ചുരൂപ
കാക്കകണക്കെ റാഞ്ചുന്നു തെരുവുതിരുടൻ;
ടെറിലിൻപ്പോക്കറ്റിൽ നിഴലിച്ച പത്തുരൂപ
കണ്ടുസഹിക്കാതെ പരകായ കീശാപ്രവേശം—
അതിനാലല്ലയോ, മുത്തച്ഛനൊട്ടച്ഛൻവരേയും
കള്ളക്കീശയിൽ, പെഴ്സിൽ, കാശൊളിപ്പിക്കുന്നു!

സുരക്ഷയാണുണ്ണീ പരമപ്രധാനം:
അകമുറിയിലെ ആകാത്ത കാഴ്ചകൾ
അന്യാധീനപ്പെടാതിരിക്കാൻ
കുളിമുറിക്കതകടച്ചുകടക്കവേ
തുറന്ന വാതായനക്കുടുക്കടയ്ക്കുക!

ചില്ലുജനലിൽ വിശിഷ്ടഭോജ്യം വിൽക്കും
പലഹാരവണ്ടി മണിയടിച്ചു വരുമ്പോൾ
ചിലർ വായിൽ വെള്ളക്കപ്പലോടിക്കുന്നു;

ചിലർ ചില്ലുതകർത്ത് വിശപ്പടക്കുന്നു;
ചിലർ എച്ചിൽ പെറുക്കി നാറ്റിക്കുന്നു!

സുരക്ഷയാണുണ്ണീ പരമപ്രധാനം:
ധാടിയിൽ മൂളിയ ഗാനത്തിൽ
ഉണ്ണീ, നീ ശ്രവിക്കുന്നത്:
ഉപമാനവും ഉപമേയവും
സ്ഥാനക്കൈമാറ്റത്തിൽ
പുത്തനർത്ഥം കുറിക്കുന്ന --
മനക്കണ്ണിലെ അടിവസ്ത്രാക്ഷേപം
അടിവരയിട്ടെതിർക്കുന്ന --
സദാചാര പുരാതനശ്ശീലുകൾ!

സുരക്ഷയാണുണ്ണീ പരമപ്രധാനം:
ഇന്ത്യനിൻഡിഗോ നീലച്ഛായം മുക്കി
ഊടുംപാവും പാകി തുന്നിച്ച നൂലിഴ
കരുതിക്കൂട്ടി "പിന്നിച്ച" വിവസ്ത്രത!
സ്വാതന്ത്ര്യ,സമത്വ,കാഹളത്തിലും
സ്വദേശം പണയപ്പെടുത്താതെ
ചൂതാട്ടം കളിക്കാൻ
ബിക്നിയിലും
ഗുഹ്യദേശം മൂടിവെക്കാൻ
പരസ്യപ്രസ്താവന
മാലോപമയാക്കും
ജവുളി വ്യാപാരിയുടെ
ജല്പന സ്വരപ്രസ്തരത്തിലും
കാണുന്നുണ്ടെപ്പൊഴും:
സുരക്ഷയാണുണ്ണീ പരമപ്രധാനം!
*******************************************************************